പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.2869

13/03/2020 ൽ മറുപടിക്ക്

**ഒരു വ്യക്തിയുടെ പേരിലുള്ള മുഴുവൻ ഭൂമിക്കും ഒറ്റ തണ്ടപ്പേര്**

**ചോദ്യം**

**ശ്രീ.റോജി എം. ജോൺ**

**,, കെ.എസ്.ശബരീനാഥൻ**

**,, എൽദോസ് പി. കുന്നപ്പിള്ളിൽ**

**,, ഷാഫി പറമ്പിൽ**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഒരു വ്യക്തിയുടെ പേരിലുള്ള മുഴുവൻ ഭൂമിക്കും ഒറ്റ തണ്ടപ്പേര് നൽകുന്ന പദ്ധതി ആധാർ അധിഷ്ഠിതമായിട്ടാണോ നടപ്പിലാക്കുന്നത്; ഇതിനായി ഏതൊക്കെ വകുപ്പുകളിലെ രേഖകൾ തമ്മിൽ ബന്ധിപ്പിക്കേണ്ടതുണ്ട്;വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് എല്ലാ ഭൂഉടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഭൂവുടമകളുടെ സമ്മതത്തോടെ ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് Unique Identification Authority of India(UIDAI) യുടെ അനുവാദം നേടി പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ആധാർ വിവരങ്ങൾ നിർബന്ധമായും വാങ്ങുന്നതിനുള്ള നടപടിയാണ് ഇതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഭൂമി സംബന്ധമായ വിവരങ്ങൾ ഭൂഉടമയുടെ സമ്മതത്തോടെ തന്നെ ആധാർ നമ്പറുമായി ബന്ധിപ്പിച്ചുകൊണ്ട് സർക്കാരിനും പൊതുജനങ്ങൾക്കും പ്രയോജനകരമാവും വിധം ഭൂമി സംബന്ധമായ സേവനങ്ങൾ സുഗമവും സുതാര്യവുമായി ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആധാർ നമ്പറില്ലാത്ത ഭൂവുടമകൾക്ക് നിലവിൽ ലഭ്യമായിട്ടുള്ള തണ്ടപ്പേർ അക്കൗണ്ട് തുടരുകയും ആധാർ നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് ഭൂവുടമയുടെ സമ്മതത്തോടെ തന്നെ തണ്ടപ്പേർ അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ആധാർ വിവരങ്ങൾ പരിശോധിക്കുന്നതിന് Unique Identification Authority of India(UIDAI) യുടെ അനുവാദപ്രകാരവും ആധാർ സംബന്ധിച്ച് നിലവിലുള്ള കോടതിവിധികൾക്ക് അനുസൃതമായും ടി പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സോഫ്റ്റ് വെയർ തയ്യാറാക്കാനുള്ള ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; ഇതിനായി എന്ത് തുക ചെലവഴിച്ചു? | (സി) | ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി സംബന്ധമായ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതും നിലവിൽ ഉപയോഗത്തിലുള്ള റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ (ReLIS) ആവശ്യമായ സോഫ്റ്റ്വെയർ അപ്ഡേഷൻ ചെയ്യുന്നതിന് കേന്ദ്രസർക്കാരിന് കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ